# BHADRADEEPA

## Eparchy of Bhadravathi

DIOCESAN BULLETIN

YEAR OF FAITH 2012 2013

Vol. 7, No. 1 March, 2013



കോതമംഗലം രൂപതയുടെ പുതിയ ഇടയൻ
മാർ ജോർജ്ജ് മഠത്തികണ്ടത്തിൽ പിതാവിന്
ഭദ്രാവതി രൂപതയുടെ പ്രാർത്ഥനാശംസകൾ

# ഭദ്രദീപ

## ഭദ്രാവതി രൂപതാബുള്ളറ്റിൻ

Vol. 7, No. 1 March, 2013

Edited & Published by Dr. Francis Allumpurath, O. Praem
Bishop's House, St. Joseph's Church, Sagar Road,
Shimoga - 577 204, Karnataka.

Cover Design : Ajai Elavuthinkal

Printed at : Matha Prints, Bangalore
9886809060, 080-41310081, 26840026

*for private circulation only*

# ഉള്ളടക്കം


| | |
|---|---|
| ഇടയലേഖനം | 6 |
| നോമ്പുകാല സന്ദേശം | 19 |
| മേജർ ആർച്ചുബിഷപ്പിന്റെ വിജ്ഞാപനം | 19 |
| Circular from Major Archbishop | 23 |
| രൂപതാകച്ചേരി വാർത്തകൾ | 28 |
| മതബോധനം-ബൈബിൾ | 31 |
| യുവജനപ്രേഷിതത്വം | 32 |
| കുടുംബപ്രേഷിത്വം | 33 |
| വൊക്കേഷൻ ബ്യൂറോ | 33 |
| സുഭദ്രസംഗമ - 2013 | 35 |
| സാമൂഹ്യസേവന വിഭാഗം | 36 |
| Bishop’s Diary | 41 |
| Bishop’s Programme | 45 |
| Kannada Section | 47 |

## ഇടയലേഖനം: നോമ്പ് 2013

ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനവും നിങ്ങളേവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

പാപത്തിനു മരിച്ച് ഉത്ഥിതനായ ഈശോയിൽ പുതിയ ഒരു ജീവിതത്തിന് നമ്മെ ഒരുക്കുകയും സഹായിക്കുകയും ചെയ്യുന്ന നോമ്പുകാലത്തിലൂടെ നാം കടന്നു പോവുകയാണല്ലോ? കത്തോലിക്കാ വിശ്വാസികളായ നമ്മെ സംബന്ധിച്ചിടത്തോളം തപസ്സിന്റെയും, പ്രായശ്ചിത്തതിന്റെയും, ജീവിതനവീകരണത്തിന്റെയും നാളുകളാണിത്. പ്രത്യേകിച്ച് 'വിശ്വാസവർഷ' ത്തിലെ ഈ നോമ്പുകാലം നമ്മെ സംബന്ധിച്ച് ഏറെ പ്രാധാന്യ മർഹിക്കുന്നതാണ്. യഥാർത്ഥമായ മാനസാന്തരത്തിലൂടെ നമ്മുടെ വിശ്വാസ ജീവിതത്തെ ഊർജ്ജ്വസ്വലവും കരുത്തുറ്റതുമാക്കാൻ നമുക്കു കഴിയണം. പരിശുദ്ധപിതാവ് ബെനഡിക്ട് 16-ാമന്റെ വാക്കുകളിൽ, മാമ്മോദീസയിലൂടെ നമുക്ക് തുറന്നുകിട്ടുന്ന വിശ്വാസത്തിന്റെ വാതിലിലൂടെ കടന്ന് ദൈവത്തെ കണ്ടുമുട്ടാനും, അവിടുത്തോട് ആഴമായ വ്യക്തിബന്ധത്തിൽ വളരുവാനും ഈ നോമ്പുകാലം നമുക്ക് അവസരമാകണം. ദൈവത്തോടുള്ള ബന്ധത്തിലും സ്നേഹത്തിലും വളരുന്നതനുസരിച്ച്നമുക്ക് സഹോദരങ്ങളോടുള്ള സ്നേഹത്തിലും കരുതലിലും വളരാതിരിക്കാനാവില്ല. പാപത്തിന്റെ വഴികളിൽ നിന്നു മാറി പരിധികളില്ലാത്ത ദൈവസ്നേഹത്തിന്റെ അനുഭവത്തിലേക്ക് മടങ്ങിവരാനുള്ള ആഹ്വാനമാണ് നോമ്പുകാലം നമ്മുടെ മുമ്പിൽ വയ്ക്കുക. പ്രാർത്ഥനയുടെയും, അനുരഞ്ജനത്തിന്റെയും, സഹോദരസ്നേഹത്തിന്റെയും മാർഗ്ഗത്തിലൂടെ ഈ നോമ്പുകാലം ഫലപ്രദമാക്കാൻ നമുക്ക് പരിശ്രമിക്കാം.

ഒന്നാമതായി, പരിശുദ്ധപിതാവ് നമ്മോടാവശ്യപ്പെടുന്നതുപോലെ ഈ വിശ്വാസവർഷം മുഴുവനും, പ്രത്യേകിച്ച് അതിലെ നോമ്പുകാലം, നിരന്തരവും, തീവ്രവുമായ പ്രാർത്ഥനാനുഭവമാക്കി മാറ്റാൻ നമുക്കു കഴിയണം. പ്രാർത്ഥനയിലൂടെയും ദൈവവചന വായനയിലൂടെയും, വിശുദ്ധ കൂദാശകളിലൂടെയും, നാം കർത്താവിനെ കണ്ടെത്തുകയും, അവിടുത്തോട് ആഴമായ വ്യക്തിബന്ധത്തിൽ വളരുകയും ചെയ്യണം. ഇനിയൊരിക്കലും

ഞാൻ നിങ്ങളെ ദാസന്മാരെന്നു വിളിക്കുകയില്ല. മറിച്ച്, നിങ്ങൾ എന്റെ സ്നേഹിതന്മാരാണ് (യോഹ. 15:15) എന്ന കർത്താവിന്റെ തിരുവചനം നമുക്കോർക്കാം. മനുഷികബന്ധങ്ങളുടെ കാര്യത്തിലാണെങ്കിലും അടുത്തടുത്തുള്ള കണ്ടുമുട്ടലുകളും, ആശയവിനിമയവുമാണ് ബന്ധങ്ങളെ ആഴപ്പെടുത്തുന്നത് എന്ന് നമുക്കറിയാം. ദൈവവുമായുള്ള ബന്ധത്തിലും ഇത് ശരിയാണ്. ദൈവവചനത്തിലൂടെയും, വി. കൂദാശകൾ - പ്രത്യേകിച്ച് വി. കുർബ്ബാനയിലൂടെയും അടുക്കലടുക്കൽ ദൈവവുമായി ബന്ധപ്പെടുവാൻ നമുക്ക് പരിശ്രമിക്കാം. ദൈവത്തോടുള്ള ആഴമായ ബന്ധത്തിൽ നിന്നാണ് തിന്മയുടെ ശക്തികളോട് പോരാടുവാനുള്ള ശക്തി നമുക്ക് ലഭിക്കുക. അതിനാൽ ഈ നോമ്പുകാലം നമ്മെ സംബന്ധിച്ചിടത്തോളം തീവ്രമായ പ്രാർത്ഥനയുടെ അവസരമായി മാറണം. വ്യക്തിപരമായ പ്രാർത്ഥനക്കും, കുടുംബം ഒരുമിച്ചുള്ള പ്രാർത്ഥനക്കും നമുക്ക് ഏറെ പ്രാധാന്യം കൊടുക്കാം. നമ്മുടെ കുടുംബങ്ങളിൽ ഒരുമിച്ചുള്ളപ്രാർത്ഥന ഒരിക്കലും മുടങ്ങാതിരിക്കട്ടെ. ദൈവവചന ശ്രവണത്തിനും സന്ധ്യാപ്രാർത്ഥനയിൽ അർഹമായ സ്ഥാനം കൊടുക്കണം. ഈ നോമ്പുകാലത്തിൽ അടുക്കലടുക്കൽ വി. കുർബാനയിൽ പങ്കുചേരുന്നതിനും, വി. കുർബാന സ്വീകരിക്കുന്നതിനും നാം നിർബന്ധം വയ്ക്കണം. ഞായറാഴ്ച കുർബാന ഒരുകാരണവശാലും മുടങ്ങാതിരിക്കാനും ശ്രദ്ധിക്കണം. നോമ്പുകാലത്ത് നമ്മുടെ എല്ലാ ഇടവകകളിലും സംഘടിപ്പിക്കുന്ന നവീകരണധ്യാനങ്ങളിൽ ഇടവകജനം മുഴുവൻ താൽപര്യത്തോടെ പങ്കെടുക്കണം.

രണ്ടാമതായി നമ്മുടെ പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് മാനസാന്തരപ്പെടുവാനും, തെറ്റുകൾക്ക് പരിഹാരം അനുഷ്ടിക്കുന്നതിനുമുള്ള ദൈവികാഹ്വാനമായി നോമ്പുകാലത്തെ കാണുവാൻ നമുക്കു കഴിയണം. നമ്മുടെ സ്വാർത്ഥതയുടെ കെട്ടുകളിൽനിന്നും, തെറ്റായശീലങ്ങളിൽ നിന്നും, പാപത്തിന്റെ ബന്ധനങ്ങളിൽനിന്നുമെല്ലാം നമ്മെ മോചിപ്പിച്ച് ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്ക് നമ്മെ നയിക്കാൻ കരുണാർദ്രമായ ഹൃദയത്തോടെ കാത്തിരിക്കുന്നവനാണ് ദൈവം. പശ്ചാത്തപിക്കുന്ന പാപിയുടെ നേർക്കുള്ള ദൈവത്തിന്റെ കരുണാർദ്രമായ സ്നേഹം ഇന്നും നമുക്ക് അനുഭവവേദ്യമാക്കുന്നതിന് നമ്മുടെ കർത്താവ് സ്ഥാപിച്ചതാണ് കുമ്പസാരമെന്ന കൂദാശ. പാപം മൂലം നമ്മുടെ ആത്മാവിലേറ്റ മുറിവുകളെ സുപ്പെടുത്തുവാൻ നമുക്കു തന്നെ ഒരിക്കലും സാധ്യമല്ല.ആത്മീയമോ,

ശരീരികമോ ആയ സൗഖ്യത്തിനായി തന്നെ സമീപിച്ച എല്ലാ വ്യക്തികളോടും സുവിശേഷത്തിലെ ഈശോ ആദ്യമായി പറയുന്നത് നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു എന്നാണ്. യഥാർത്ഥമായ പശ്ചാത്താപത്തോടെ നടത്തുന്ന ഉള്ളുതുറന്ന ഒരു കുമ്പസാരം നമ്മുടെ ജീവിതത്തിൽ സാരമായ മാറ്റം വരുത്തും എന്ന കാര്യത്തിൽ സംശയമില്ല.ഈ നോമ്പുകാലത്ത്, നമ്മുടെ ജീവിതത്തെ ദൈവതിരുമുമ്പിൽ പരിശോധിച്ച് തെറ്റുകളെക്കുറിച്ച് പശ്ചാത്തപിച്ച് അവയ്ക്കു പരിഹാരം ചെയ്യാനുള്ള തയ്യാറെടുപ്പോടെ നമ്മുടെ പാപങ്ങൾ കുമ്പസാരവേദിയിൽ ഏറ്റുപറയാം. ഉത്ഥിതനായ ഈശോ വാഗ്ദാനം ചെയ്യുന്ന സമാധാനവും, പുതുജീവിതവും സ്വന്തമാക്കാൻ അങ്ങനെ നമുക്കിടവരട്ടെ. ഈ നോമ്പുകാലത്ത് കുമ്പസാരിച്ച്, കുർബ്ബാന സ്വീകരിക്കാത്തവരായി നമ്മുടെയിടയിൽ ആരുമുണ്ടാകാതിരിക്കട്ടെ!

മൂന്നാമതായി ഉപവാസത്തിന്റെയും, പരിത്യാഗപ്രവർത്തികളുടെയും വഴിയിലൂടെ നമ്മുടെ പാപങ്ങൾക്ക് പരിഹാരമനുഷ്ടിക്കുന്നതിനും, തിന്മയുടെ ശക്തികളുടെമേൽ കരുത്തുനേടുന്നതിനും ഈ നോമ്പുകാലം നമ്മോടാവശ്യപ്പെടുന്നുണ്ട്. തിരുസ്സഭ നിർദ്ദേശിക്കുന്ന ഉപവാസത്തിന്റെയും, മാംസവർജ്ജനയുടെയും ദിനങ്ങൾ കൃത്യമായി പാലിക്കുന്നതോടൊപ്പം, വ്യക്തിപരമായ രീതിയിൽ ഓരോരുത്തർക്കും കഴിയുന്ന പരിത്യാഗപ്രവർത്തികൾ ചെയ്യുന്നതിനും, തിന്മക്കെതിരെ മനസ്സിനെ ശക്തിപ്പെടുത്തുന്നതിലും നമുക്ക് ശ്രദ്ധിക്കാം. ഉപവാസം എന്നത് കേവലം ഭക്ഷണം ഉപേക്ഷിക്കൽ മാത്രമല്ല എന്ന് നാം തിരിച്ചറിയണം. ഭക്ഷണം ഉപേക്ഷിക്കുന്നതിനോടൊപ്പം നമ്മുടെ വ്യക്തിജീവിതത്തിലെ കുറവുകളെയും, തെറ്റായ ശീലങ്ങളെയും പെരുമാറ്റശൈലികളെയും പരിഹരിക്കുന്നതിനുള്ള പരിശ്രമവും വേണം. സ്നേഹത്തിനെതിരായ ചിന്തകളും, വാക്കുകളും, പ്രവർത്തികളും നിയന്ത്രിക്കാൻ കഴിയണം.


നാലാമതായി ഈ നോമ്പുകാലത്തെ നമ്മുടെ ഉപവാസവും, പരിത്യാഗവുമെല്ലാം പരസ്നേഹത്തിന്റെ പ്രവർത്തികളിലേക്ക് എത്തിനിൽക്കണം. പരി. പിതാവ് ബെനഡിക്ട് 16-ാമൻ തന്റെ നോമ്പുകാലസന്ദേശത്തിൽ ഊന്നിപ്പറയുന്നതുപോലെ സ്നേഹത്തിന്റെ പ്രവർത്തികൾ കൂടാതെ വിശ്വാസം നിലനിൽക്കില്ല. അദ്ദേഹമെഴുതുന്നു, സ്നേഹമില്ലാത്ത വിശ്വാസം ഫലശൂന്യമായ വൃക്ഷം പോലെയാണ്. ഈ നോമ്പിന്റെ കാലഘട്ടത്തിൽ നമ്മു

ടെ ഉപവാസം, പരിത്യാഗപ്രവർത്തികൾ, മംസവർജ്ജനം എന്നിവയിലൂടെ യാക്കെ സമാഹരിക്കാൻ കഴിയുന്ന തുക നമ്മുടെയിടയിൽ ദാരിദ്രത്തിലും, ദുരിതങ്ങളിലും കഴിയുന്ന സഹോദരങ്ങളുടെ ഉന്നമനത്തിനും, ജീവിതഭാരം ലഘൂകരിക്കുന്നതിനുമായി നീക്കിവയ്ക്കുവാൻ നമുക്കു കഴിയണം. ഇപ്ര കാരം നീക്കിവയ്ക്കുന്ന തുക രൂപതയിലെ സഹായമർഹിക്കുന്നവർക്കായി പ്രവർത്തിക്കുന്ന ജീവകാരുണ്യനിധിയിലേക്ക് അതാത് ഇടവകകളിൽ ഈസ്റ്റർ ദിനത്തിലെ കുർബാന മദ്ധ്യേ ശേഖരിച്ച് രൂപതാകേന്ദ്രത്തിൽ എത്തിച്ചു തരണമെന്ന് നിങ്ങളെയെല്ലാവരെയും വിശിഷ്യാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരെയും ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ഏറെ ഫലപ്രദവും ജീവിത നവീകരണത്തിന് ഉപകരിക്കുന്നതുമായ നോമ്പുകാലവും, ഉത്ഥിതനായ ഈശോയിൽ പുതിയ ജീവിതവും, അവിടുന്നു നൽകുന്ന സമാധാനവും സന്തോഷവും എല്ലാവർക്കും നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

നിങ്ങളുടെ പിതാവ്,



**മാർ ജോസഫ് അരുമച്ചാടത്ത്**

-------------------

*ഈ ഇടയലേഖനം 2012 മാർച്ച് 11-ാം തിയതി ഞായറാഴ്ച*
*വി. കുർബാനമദ്ധ്യേ രൂപതയിലെ എല്ലാ പള്ളികളിലും വായിക്കേണ്ടതാണ്.*

# നോമ്പുകാലസന്ദേശം – 2013

## ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ

**''സ്നേഹത്തിൽ വിശ്വസിക്കുകയെന്നത് സ്നേഹിക്കാൻ ആവശ്യപ്പെടുന്നു''.**

''ദൈവത്തിനു നമ്മോടുള്ള സ്നേഹം നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്യുന്നു'' (1 യോഹ 4:16)

പ്രിയ സഹോദരീ സഹോദരന്മാരേ,

വിശ്വാസവർഷത്തിന്റെ സാഹചര്യത്തിലെ വലിയ നോമ്പാചരണം വിലപ്പെട്ട ഒരവസരം നമുക്കു നല്കുന്നു. വിശ്വാസവും സ്നേഹവും തമ്മിലുള്ള ബന്ധത്തെപ്പറ്റി ധ്യാനിക്കാനുള്ള അവസരം തന്നെ. ദൈവത്തിൽ-യേശുക്രിസ്തുവിന്റെ ദൈവത്തിൽ- വിശ്വസിക്കുകയെന്നതും സ്നേഹിക്കുകയെന്നതും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണു ധ്യാനിക്കുന്നത്. സ്നേഹമാകട്ടെ, പരിശുദ്ധാത്മാവിന്റെ ഫലമാണ്. അത് നമ്മെ ദൈവത്തോടുള്ള ഭക്തിയുടെയും മറ്റുള്ളവരോടുള്ള സമർപ്പണത്തിന്റെയും വഴിയിൽ നയിക്കുന്നു.

### 1. വിശ്വാസം ദൈവത്തിന്റെ സ്നേഹത്തോടുള്ള പ്രത്യുത്തരമെന്ന നിലയിൽ

എന്റെ ഒന്നാമത്തെ ചാക്രികലേഖനത്തിൽ വിശ്വാസം, സ്നേഹം എന്നീ ദൈവീകപുണ്യങ്ങൾ തമ്മിലുള്ള ഉറ്റ ബന്ധത്തെക്കുറിച്ചുള്ള ചില ചിന്തകൾ ഞാൻ പങ്കുവച്ചിരുന്നു. ദൈവത്തിനു നമ്മോടുള്ള സ്നേഹം, നാം അറിയുകയും നാം അതിൽ വിശ്വസിക്കുകയും ചെയ്തിരിക്കുന്നു (1യോഹ 4:16) എന്നിങ്ങനെയുള്ള വിശുദ്ധ യോഹന്നാന്റെ മൗലിക പ്രസ്താവനയോടെയാണ് ഞാൻ തുടങ്ങിയത്. ക്രൈസ്തവനായിരിക്കുകയെന്നത് ഒരു ധാർമ്മിക തിരഞ്ഞെടുപ്പിന്റെയോ ഉന്നതമായ ഒരാശയത്തിന്റെയോ ഫലമല്ല. പിന്നെയോ ഒരു സംഭവവുമായുള്ള, ഒരു വ്യക്തിയുമായുള്ള, കണ്ടുമുട്ടലിന്റെ ഫലമാണ്. ആ കണ്ടുമുട്ടൽ ജീവിതത്തിനു പുതിയൊരു ചക്രവാളവും നിർണായകമായ മാർഗ്ഗനിർദ്ദേശവും നല്കുന്നു. ദൈവം ആദ്യം നമ്മെ സ്നേഹിച്ചു (cf1യോഹ 4:10). അതുകൊണ്ട് സ്നേഹിക്കുകയെന്നത് ഇപ്പോൾ വെറുമൊരു കല്പനയല്ല. പിന്നെയോ ദൈവം നമ്മോട് അടുത്തുവരുന്നതിന്റെ ഹേതുവായ

സ്നേഹമെന്ന ദാനത്തോടുള്ള ഒരു പ്രത്യുത്തരമാണ് (ദൈവം സ്നേഹമാകുന്നു,1) എന്നിങ്ങനെ പ്രസ്താവിക്കുകയും ചെയ്തു.

വിശ്വസമെന്നത്, യേശുക്രിസ്തുവിൽ പൂർണമായി വെളിവാക്കപ്പെട്ടതും ദൈവത്തിനു നമ്മോടുള്ളതുമായ സൗജന്യപരവും തീവ്രവുമായ സ്നേഹത്തിന്റെ വെളിപാടിനോടുള്ള വ്യക്തിപരമായ ഒട്ടിച്ചേരലാണ്. അത് നമ്മുടെ എല്ലാ കഴിവുകളുംകൊണ്ടുള്ള ഒട്ടിച്ചേരലാണ്. സ്നേഹമാകുന്ന ദൈവം ഹൃദയത്തെ മാത്രമല്ല ബുദ്ധിശക്തിയെയും പ്രവർത്തിപ്പിക്കുന്നു. ജീവിക്കുന്ന ദൈവത്തെ അംഗീകരിക്കുകയെന്നത് സ്നേഹത്തിലേക്കുള്ള ഒരു വഴിയാണ്. അവിടുത്തെ ഇഷ്ടം നമ്മൾ അനുസരിക്കുമ്പോൾ ആ അനുസരണം നമ്മുടെ ബുദ്ധിശക്തി, ഇച്ഛാശക്തി, വികാരങ്ങൾ എന്നിവയെ സംയോജിപ്പിക്കുന്നു. സർവാശ്ലേഷിയായ സ്നേഹത്തിൽ കൂട്ടിച്ചേർക്കുന്നു. എന്നാൽ ഈ പ്രക്രിയ എപ്പോഴും മുന്നേറുന്നതാണ്. സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല (ദൈവം സ്നേഹമാകുന്നു, 17).

അതുകൊണ്ട് എല്ലാ ക്രൈസ്തവർക്കും പ്രത്യേകിച്ച്, പരസ്നേഹപ്രവൃത്തികൾ ചെയ്യുന്നവർക്ക്, വിശ്വാസം ആവശ്യമുണ്ട്. എന്തെന്നാൽ അവരുടെ സ്നേഹത്തെ ഉദ്ദീപിപ്പിക്കുകയും മറ്റുള്ളവരോടുള്ള അവരുടെ താത്പര്യം ഉണർത്തുകയും ചെയ്യുന്ന ഒന്നാണ് ക്രിസ്തുവിൽ ദൈവത്തെ കണ്ടെത്തുകയെന്നത്. ഇതിന്റെ ഫലമായി അവർക്ക് അയൽപക്കക്കാരോടുള്ള സ്നേഹമെന്നത് പുറമേ നിന്ന് അടിച്ചേല്പിക്കുന്ന ഒരു കല്പനയായിരിക്കുകയില്ല. പിന്നെയോ തങ്ങളുടെ വിശ്വാസത്തിന്റെ ഒരു അനന്തരഫലമായിരിക്കും. സ്നേഹത്തിലൂടെ സജീവമാകുന്ന ഒന്നാണല്ലോ വിശ്വാസം (ദൈവം സ്നേഹമാകുന്നു, 31a).

ക്രിസ്തുവിന്റെ സ്നേഹത്താൽ കീഴടക്കപ്പെട്ടവരാണ് ക്രിസ്ത്യാനികൾ. അതുകൊണ്ട് അവർ ആ സ്നേഹത്തിന്റെ സ്വാധീനവലയത്തിൽപ്പെട്ടവരാണ്: ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു (2 കോറി 5:14). വസ്തുനിഷ്ഠമായ രീതികളിൽ അയൽക്കാരെ പൂർണഹൃദയത്തോടെ സ്നേഹിക്കുന്നവരാണവർ. (cf ദൈവം സ്നേഹമാകുന്നു, 33). കർത്താവു സ്നേഹിക്കുകയും ക്ഷമിക്കുകയും ശ്ലീഹന്മാരുടെ കാലുകഴുകാൻ കുനിഞ്ഞു നിന്നുകൊണ്ട് സേവിക്കുകയും മനുഷ്യവംശത്തെ ദൈവസ്നേഹത്തി

ലേക്ക് അടുപ്പിക്കാൻ കുരിശിൽ സ്വയം സമർപ്പിക്കുകയും ചെയ്തുവെന്ന ബോധത്തിൽനിന്നാണ് പ്രധാനമായും ഈ മനോഭാവമുണ്ടാകുന്നത്.

ദൈവം തന്റെ പുത്രനെ നമുക്കു നല്കിയെന്ന് വിശ്വാസം നമ്മോടു പറയുന്നു. അതു യഥാർത്ഥത്തിൽ സത്യമാണെന്നതിനു വിജയകരമായ ഉറപ്പുനല്കുകയും ചെയ്യുന്നു: ദൈവം സ്നേഹമാണ്. കുരിശിൽ യേശുവിന്റെ മുറിവേറ്റ ഹൃദയത്തിൽ വെളിവാക്കപ്പെട്ട ദൈവത്തിന്റെ സ്നേഹത്തെ വിശ്വാസം കാണുന്നു. ആ വിശ്വാസം സ്നേഹത്തിന് ജന്മം നല്കുന്നു. സ്നേഹമാണു പ്രകാശം. അവസാനം അതുമാത്രമാണു മങ്ങിയ ലോകത്തെ എപ്പോഴും പ്രകാശിപ്പിക്കുന്ന പ്രകാശം. ജീവിക്കാനും അധ്വാനിക്കാനും വേണ്ട ധൈര്യം തരുന്ന പ്രകാശം അതാണ് (ദൈവം സ്നേഹമാകുന്നു, 39).

വിശ്വാസത്തിൽ വേരുറച്ചതും വിശ്വാസത്താൽ രൂപീകരിക്കപ്പെട്ടതുമായ സ്നേഹം (ദൈവം സ്നേഹമാകുന്നു, 7) ആണ് ക്രിസ്ത്യാനികളെ തിരിച്ചറിയാനുള്ള പ്രധാനപ്പെട്ട അടയാളമെന്നും മനസ്സിലാക്കാൻ ഇതെല്ലാം നമ്മെ സഹായിക്കുന്നു.

## 2. പരസ്നേഹം വിശ്വാസത്തിലുള്ള ജീവിതമെന്ന നിലയിൽ

ക്രൈസ്തവജീവിതം മുഴുവനും ദൈവസ്നേഹത്തോടുള്ള പ്രത്യുത്തരമാണ്. നമുക്കു മുമ്പേ പോകുന്നതും നമ്മെ വിളിക്കുന്നതുമായ അപൂർവ്വ ദൈവികപ്രാരംഭത്തെ വിസ്മയത്തോടും നന്ദിയോടും കൂടി നാം അംഗീകരിക്കണം. അംഗീകരിക്കലെന്ന നിലയിലുള്ള വിശ്വാസമാണ് ആദ്യത്തെ പ്രത്യുത്തരം. വിശ്വാസത്തിനു നല്കുന്ന സമ്മതം കർത്താവുമായുള്ള സൗഹൃദബന്ധത്തിന്റെ പ്രകാശമാനമായ കഥയുടെ തുടക്കം കുറിക്കുന്നു. അത് നമ്മുടെ മുഴുവൻ ജീവിതത്തെയും നിറയ്ക്കുകയും അതിന് പൂർണമായ അർത്ഥം നല്കുകയും ചെയ്യുന്നു.

എന്നാൽ ദൈവത്തിന്റെ സൗജന്യദാനമായ സ്നേഹത്തെ നാം സ്വീകരിക്കുന്നതുകൊണ്ടു മാത്രം അവിടന്ന് തൃപ്തനാകുന്നില്ല. അവിടുന്ന് നമ്മെ സ്നേഹിക്കുക മാത്രമല്ല ചെയ്യുന്നത്. നമ്മെ തന്നിലേക്ക് അടുപ്പിക്കാനും നമ്മെ രൂപാന്തരപ്പെടുത്താനും അവിടുന്ന് ആഗ്രഹിക്കുക കൂടി ചെയ്യുന്നു. ഇനിമേൽ ജീവിക്കുന്നതു ഞാനല്ല, പിന്നെയോ ക്രിസ്തു എന്നിൽ ജീവിക്കുന്നു

(cf ഗലാ 2:20) എന്നു വിശുദ്ധ പൗലോസിനോടൊപ്പം പറയാൻ പാകത്തിനു രൂപാന്തരപ്പെടുത്താനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

ദൈവത്തോടുള്ള സ്നേഹത്തിനു നമ്മിൽ സ്ഥാനം നല്കുമ്പോൾ നാം അവിടുത്തെപ്പോലെയാകും. അവിടുത്തെ സ്നേഹത്തിൽ പങ്കുചേരും. നാം അവിടുത്തെ സ്നേഹത്തോടു തുറവിയുള്ളവരാകുമ്പോൾ നമ്മിൽ ജീവിക്കാൻ നാം അവിടുത്തെ അനുവദിക്കുന്നു. അവിടുത്തോടൊപ്പം അവിടുന്നിൽ അവിടുത്തെപ്പോലെ സ്നേഹിക്കാനും പ്രാപ്തരാകുന്നു. അപ്പോൾ മാത്രമേ നമ്മുടെ വിശ്വാസം യഥാർത്ഥത്തിൽ സ്നേഹത്തിലൂടെ സജീവ മാകുകയുള്ളൂ (ഗലാ 5:6). അപ്പോൾ മാത്രമേ അവിടുന്നു നമ്മിൽ നിവസിക്കുകയുള്ളൂ (cf 1 യോഹ 4:12).

വിശ്വാസമെന്നത് സത്യത്തെ അറിയുകയും അതിനോട് ഒട്ടിച്ചേരുകയും ചെയ്യലാണ് (cf 1 തിമോ 2:4). പരസ്നേഹമെന്നത് സത്യത്തിൽ നടക്കൽ ആണ് (cf എഫേ 4:15). വിശ്വാസത്തിലൂടെ നമ്മൾ കർത്താവുമായുള്ള സൗഹൃദത്തിലേക്കു പ്രവേശിക്കുന്നു. പരസ്നേഹത്തിലൂടെ നാം ആ സൗഹൃദത്തിൽ ജീവിക്കുകയും അതിനെ വളർത്തുകയും ചെയ്യുന്നു (cf യോഹ 15:14 ff). നമ്മുടെ കർത്താവും ഗുരുവുമായ യേശുവിന്റെ കല്പനയെ ആശ്ലേഷിക്കാൻ വിശ്വാസം നമുക്കു കാരണമായിത്തീരുന്നു. സ്നേഹം അതു പ്രയോഗത്തിലാക്കുന്നതിലുള്ള സന്തോഷം നല്കുന്നു (cf യോഹ 13:13-17). വിശ്വാസത്തിൽ നാം ദൈവമക്കളായി ജനിപ്പിക്കപ്പെടുന്നു (cf യോഹ 1:12). പരിശുദ്ധാത്മാവിന്റെ ഫലം വഹിച്ചുകൊണ്ടു നമുക്കു ദൈവീകപുത്രത്വത്തിൽ വസ്തുനിഷ്ഠമായി തുടരുവാൻ കാരണമായിത്തീരുന്നു. നല്ലവനും ഉദാരതാപൂർണനുമായ ദൈവം നമ്മെ ഏല്പിച്ച ദാനങ്ങൾ മനസ്സിലാക്കാൻ വിശ്വാസം നമ്മെ ശക്തരാക്കുന്നു. (cf മത്താ 25:14-30).

### 3. വിശ്വാസവും പരസ്നേഹവും തമ്മിലുള്ള അലംഘ്യമായ ബന്ധം

മുകളിൽപ്പറഞ്ഞതിന്റെ വെളിച്ചത്തിൽ, വിശ്വാസവും പരസ്നേഹവും തമ്മിൽ വേർതിരിക്കാനോ അവയെ പരസ്പരവിരുദ്ധങ്ങളായി കാണാനോ നമുക്ക് ഒരിക്കലും കഴിയുകയില്ലെന്നത് വ്യക്തമാണ്. ഇപ്പറഞ്ഞ രണ്ടു ദൈവീകപുണ്യങ്ങളുംഅവഗാഢംബന്ധപ്പെട്ടിരിക്കുന്നു.അവയെവ്യത്യസ്തങ്ങളായോ വിരുദ്ധങ്ങളായോ കരുതുന്നത് വഴിതെറ്റിക്കുന്ന ചിന്തയാണ്. ഒരുവശത്ത് വി

ശ്വാസത്തിന്റെ മുൻഗണനയിലും നിർണായകത്വത്തിലും ശക്തമായ ഊന്നൽ നല്കുന്നതും പരസ്നേഹപ്രവർത്തനങ്ങളെ അവ്യക്തമായ മാനുഷികതാ വാദമായി ചുരുക്കുന്നതും ഏറെ പക്ഷപാതപരമായിരിക്കും. മറുവശത്ത്, വിശ്വാസത്തിന്റെ സ്ഥാനം പ്രവർത്തനത്തിനു നല്കുന്നത്, പരസ്നേഹത്തിന്റെ മുൻഗണനയ്ക്കും അത് ഉത്പാദിപ്പിക്കുന്ന പ്രവർത്തനത്തിനും നല്കുന്നത്, സഹായകരമായിത്തീരുകയില്ല. വിശ്വാസമാത്രവാദത്തെയും ധർമ്മിക പ്രവർത്തനമാത്രവാദത്തെയും ഉപേക്ഷിക്കുക ഗുണകരമായ ആധ്യാത്മികജീവിതത്തിന് അത്യാവശ്യമാണ്.

ക്രൈസ്തവജീവിതം ദൈവത്തെ കാണാൻ നിരന്തരം മലയിലേക്കു കയറലും സഹോദരീസഹോദരന്മാരുടെ അടുക്കലേക്ക് ഇറങ്ങലുമാണ്. ദൈവത്തിൽ നിന്നു സ്വീകരിച്ച സ്നേഹവും ശക്തിയും വഹിച്ചുകൊണ്ട് മലയിറങ്ങുന്നത് അവരെ ദൈവത്തിന്റെ തന്നെ സ്നേഹംകൊണ്ട് സേവിക്കുവാനാണ്. സുവിശേഷം പ്രഘോഷിക്കാനും ജനങ്ങളുടെ വിശ്വാസം ഉണർത്താനും അപ്പസ്തോലന്മാർക്കുണ്ടായിരുന്ന തീക്ഷ്ണത ദരിദ്രർക്കു സേവനം ചെയ്യാൻ പരസ്നേഹവുമായി ഉറ്റബന്ധം പുലർത്തിയിരുന്നുവെന്ന് വിശുദ്ധ ലിഖിതത്തിൽ കാണാം (cf അപ്പ 6:1-4).

സഭയിൽ ധ്യാനവും പ്രവർത്തനവും സുവിശേഷത്തിലെ മറിയത്തിന്റെയും മർത്തയുടെയും പ്രതീകങ്ങളാണ്. അവ രണ്ടും ഒന്നിച്ചു നിലകൊള്ളുന്നു. അവ പരസ്പരപൂരകങ്ങളാണ് (cf ലൂക്ക 10:38-42). ദൈവവുമായുള്ള ബന്ധത്തിനാണ് എപ്പോഴും മുൻഗണന നല്കേണ്ടത്. വസ്തുവകകളുടെ യഥാർത്ഥമായ ഏതു പങ്കുവയ്ക്കലും സുവിശേഷചൈതന്യത്തിൽ, വിശ്വാസത്തിൽ വേരുറച്ചിരിക്കുകയും വേണം (cf General Audience, 25 April 2012).

ചിലപ്പോൾ പരസ്നേഹത്തെ ദൃഢൈക്യമാക്കി ചുരുക്കാനും ദൃഢൈക്യത്തെ കേവലം മാനുഷികതാപരമായ സഹായമാക്കി ചുരുക്കാനും നമുക്കു പ്രവണതയുണ്ടാകാം. എന്നാൽ ഏറ്റവും വലിയ പരസ്നേഹപ്രവർത്തനം സുവിശേഷവത്കരണമാണെന്ന വസ്തുത ഓർമ്മിക്കുക സുപ്രധാന കാര്യമാണ്. അത് വചനശുശ്രൂഷയാണ്: ദൈവവചനത്തിന്റെ അപ്പം മുറിച്ചുനല്കുക സുവിശേഷം പങ്കുവയ്ക്കുക, ദൈവവുമായുള്ള ബന്ധത്തിലേക്കു പ്രവേശി

പ്പിക്കുക. ഇതിനെക്കാൾ ഉപകാരപ്രദമോ തന്മൂലം പരസ്നേഹപരമോ ആയ പ്രവൃത്തിയില്ല: സുവിശേഷവത്കരണം മനുഷ്യവ്യക്തിയുടെ ഏറ്റവും ഉന്നതവും ഏറ്റവും സമഗ്രവുമായ വളർത്തലാണ്. ദൈവദാസനായ പോൾ ആറാമൻ മാർപാപ്പാ ജനതകളുടെ പുരോഗതി എന്ന ചാക്രികലേഖനത്തിൽ എഴുതിയിട്ടുള്ളതുപോലെ, വികസനത്തിനുള്ള പ്രഥമവും പ്രധാനവുമായ സഹായം ക്രിസ്തുവിനെക്കുറിച്ചുള്ള പ്രബോധനമാണ് (cf n. 16). ദൈവത്തിനു നമ്മോടുള്ള സ്നേഹമെന്ന പ്രാഥമിക സത്യത്തിൽ ജീവിക്കുകയും അതു പ്രഘോഷിക്കുകയും വേണം. അതാണ് നമ്മുടെ ജീവിതത്തെ ഈ സ്നേഹം സ്വീകരിക്കാൻ സജ്ജമാക്കുന്നതും പൊതുവേ മനുഷ്യവംശത്തിന്റെയും ഓരോ വ്യക്തിയുടെയും സമഗ്രവികസനം സാധ്യമാക്കുന്നതും (cf സത്യത്തിൽ സ്നേഹം, 8).

സാരാംശപരമായി, എല്ലാം ദിവ്യസ്നേഹത്തിൽ നിന്നു പുറപ്പെടുകയും ദിവ്യസ്നേഹത്തിലേക്കു നയിക്കുകയും ചെയ്യുന്നു. സുവിശേഷപ്രഘോഷണത്തിലൂടെ ദൈവത്തിന്റെ ഉദാരതാപൂർണമായ സ്നേഹം നമ്മെ അറിയിച്ചിരിക്കുന്നു. നാം അതിനെ വിശ്വാസത്തോടെ സ്വീകരിച്ചാൽ ദൈവവുമായുള്ള പ്രഥമവും അനുപേക്ഷണീയവുമായ സമ്പർക്കം നമുക്കുണ്ടാകുന്നു. ദിവ്യസ്നേഹവുമായുള്ള സ്നേഹബന്ധം സ്ഥാപിക്കാൻ അതു നമ്മെ ശക്തരാക്കുന്നു. പിന്നീട് നാം ആ ദിവ്യസ്നേഹത്തിൽ നിവസിക്കുന്നു. അതിൽ വളരുന്നു. സന്തോഷപൂർവം നാം അതു മറ്റുള്ളവർക്കു പകർന്നു നല്കുന്നു.

വിശ്വാസവും പരസ്നേഹപ്രവർത്തനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച ഒരു പാഠഭാഗം എഫേസോസുകാർക്കുള്ള ലേഖനത്തിലുണ്ട്. അവ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഏറ്റവും നല്ല വിവരണം നല്കുന്നത് അതാണ്: വിശ്വാസം വഴി കൃപയിലാണ് നിങ്ങൾ രക്ഷിക്കപ്പെട്ടത്. അതു നിങ്ങൾ നേടിയെടുത്തതല്ല, ദൈവത്തിന്റെ ദാനമാണ്. അതു പ്രവൃത്തികളുടെ ഫലമല്ല. ആരും അതിൽ അഹങ്കരിക്കാതിരിക്കുന്നതിനു തന്നെ. നാം ദൈവത്തിന്റെ കരവേലയാണ്; നാം ചെയ്യാൻ വേണ്ടി ദൈവം മുൻകൂട്ടി ഒരുക്കിയ സത്പ്രവൃത്തികൾക്കായി യേശുക്രിസ്തുവിൽ സൃഷ്ടിക്കപ്പെട്ടവരാണ് (എഫേ 2:8-10).

രക്ഷാകരമായ മുഴുവൻ പ്രാരംഭവും ദൈവത്തിൽനിന്ന്, അവിടത്തെ കൃപയിൽനിന്ന്, വിശ്വാസത്തിൽ സ്വീകരിച്ച അവിടുത്തെ ക്ഷമയിൽനിന്ന്, വരുന്നുവെന്ന് ഇവിടെ വ്യക്തമായി കാണാം. എന്നാൽ ഈ പ്രാരംഭ പ്രവർത്തനം നമ്മുടെ സ്വാതന്ത്ര്യത്തെയും ഉത്തരവാദിത്വത്തെയും പരിമിത പ്പെടുത്തുന്നില്ല. മറിച്ച്, അവയെ യഥാർത്ഥമാക്കുകയും പരസ്നേഹ പ്രവർത്തനങ്ങളിലേക്ക് അവയെ നയിക്കുകയുമാണ് ചെയ്യുന്നത്. ഇവ ഒന്നാമ തായി മാനുഷികപ്രയത്നത്തിന്റെ ഫലമല്ല. ഇവയിൽ അഹങ്കരിക്കാനില്ല. ഇവ വിശ്വാസത്തിൽനിന്നു ജനിക്കുന്നു, ദൈവം സമൃദ്ധമായി നല്കുന്ന, കൃപയിൽനിന്ന് ഒഴുകിവരുന്നു.

പ്രവൃത്തി കൂടാത്ത വിശ്വാസം ഫലമില്ലാത്ത വൃക്ഷം പോലെയാണ്. ഈ രണ്ടു സദ്ഗുണങ്ങളും പരസ്പരം ഉൾക്കൊണ്ടിരിക്കുന്നു. ക്രൈസ്തവജീ വിതത്തിന്റെ പരമ്പരാഗത അഭ്യസനങ്ങൾ വഴി ശ്രദ്ധാപൂർവകവും സുദീർഘവുമായ ദൈവവചനശ്രവണവും കൂദാശകളുടെ സ്വീകരണവും വഴി നമ്മുടെ വിശ്വാസത്തെ വളർത്താനും അതേസമയം ദൈവത്തോടും അയൽക്കാരനോടുമുള്ള സ്നേഹത്തിൽ വളരാനും വലിയ നോമ്പ് നമ്മെ ക്ഷണിക്കുന്നു. ഉപവാസം, പ്രായശ്ചിത്തം, ധർമ്മദാനം എന്നിവയിലൂടെ യാണ് അങ്ങനെയുള്ള വളർച്ച നേടേണ്ടത്.

## 4. വിശ്വാസത്തിനു മുൻഗണന, പരസ്നേഹത്തിന്റെ പ്രഥമ്യം

ദൈവത്തിന്റെ ഏതു ദാനവുമെന്നപോലെ വിശ്വാസവും പരസ്നേഹ വും ഒരേ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിൽനിന്ന് ഉദ്ഭവിക്കുന്നു (cf 1 കോറി 13). നമ്മുടെ ഉള്ളിൽ ആബാ പിതാവേ (ഗലാ 46) എന്നു വി ളിക്കുകയും യേശു കർത്താവാണ് (1 കോറി 12:3), കർത്താവേ വന്നാ ലും (1 കോറി 16:22; വെളി 22:20) എന്നിങ്ങനെ നമ്മെക്കൊണ്ട് പറയി പ്പിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് തന്നെ.

ദാനവും പ്രത്യുത്തരവുമെന്ന നിലയിൽ വിശ്വാസം ക്രിസ്തുവിനെക്കുറിച്ചുള്ള സത്യം അറിയാൻ നമ്മെ കഴിവുള്ളവരാക്കുന്നു: ക്രിസ്തു മനുഷ്യാവതാരം ചെയ്ത് ക്രൂശിക്കപ്പെട്ടവനാണെന്ന്, പിതാവിന്റെ ഇഷ്ടത്തെ പൂർണമായി അനുസരിച്ചവനാണെന്ന്, അയൽക്കാരനോടുള്ള അനന്തമായ ദൈവീകസ്നേഹമാണെന്ന്, അറിയാൻ കഴിവു നല്കുന്നു. തിന്മയെയും മരണത്തെയും

കീഴടക്കാൻ ഈ ദിവ്യസ്നേഹത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന ദൃഢമായ അവബോധം ഹൃദയങ്ങളിലും മനസ്സുകളിലും വിശ്വാസം നട്ടുപിടിപ്പിക്കുന്നു. പ്രത്യാശയെന്നപുണ്യത്തോടെ ഭാവിയിലേക്കു നോക്കാൻ വിശ്വാസം നമ്മെ ക്ഷണിക്കുന്നു. ക്രിസ്തുവിന്റെ സ്നേഹം നേടുന്ന വിജയം പൂർണതയിലെത്തുമെന്ന ആത്മാർത്ഥമായ പ്രതീക്ഷയോടെയാണ് അങ്ങനെ ചെയ്യുന്നത്.

ക്രിസ്തുവിൽ വെളിവാക്കപ്പെട്ട ദൈവസ്നേഹത്തിലേക്ക് പരസ്നേഹം നമ്മെ ഉണർത്തുന്നു. നിത്യപിതാവിനും തന്റെ സഹോദരീസഹോദരന്മാർക്കും യേശു നടത്തിയ പൂർണവും വ്യവസ്ഥാതീതവുമായ സമർപ്പണത്തിൽ വ്യക്തിപരമായും അസ്തിത്വപരമായും പങ്കുചേരുന്നവരാക്കുന്നു. പരിശുദ്ധാത്മാവ് ഈ സ്നേഹംകൊണ്ട് നമ്മുടെ ഹൃദയങ്ങളെ നിറച്ചുകൊണ്ട് യേശുവിനു ദൈവത്തോടുള്ള പുത്രസഹജമായ ഭക്തിയിലും ഓരോ മനുഷ്യനോടുമുള്ള സാഹോദര്യപരമായ ഭക്തിയിലും നമ്മെ പങ്കുകാരാക്കുന്നു (cf റോമ 5:5)

ഇപ്പറഞ്ഞ രണ്ടു സദ്ഗുണങ്ങളും തമ്മിലുള്ള ബന്ധം സഭകളുടെ രണ്ട് മൗലികകൂദാശകളിൽ പ്രതിബിംബിക്കുന്നുണ്ട്. മാമ്മോദീസയും കുർബാനയുമാണ് ആ കൂദാശകൾ. മാമ്മോദീസ (വിശ്വാസത്തിന്റെ കൂദാശ) കുർബാനയ്ക്ക് (സ്നേഹത്തിന്റെ കൂദാശക്ക്) മുമ്പേ പോകുന്നു. എന്നാൽ അതു കുർബാനയിലേക്കു നയിക്കുന്നതാണ്. കുർബാന ക്രൈസ്തവയാത്രയുടെ പൂർണതയാണല്ലോ. അതുപോലെ വിശ്വാസം പരസ്നേഹത്തിനു മുമ്പേ പോകുന്നു. പക്ഷേ, വിശ്വാസം പരസ്നേഹത്താൽ മുടിചൂടപ്പെടുന്നെങ്കിൽ മാത്രമേ യഥാർത്ഥമാകൂ. വിനയപൂർവം വിശ്വാസം സ്വീകരിക്കുന്നതിൽനിന്ന് എല്ലാം തുടങ്ങുന്നു; ദൈവത്താൽ സ്നേഹിക്കപ്പെടുന്നുണ്ടെന്ന വിശ്വാസത്തിൽ നിന്നുതന്നെ. എന്നാൽ പരസ്നേഹത്തിന്റെ സത്യത്തിലേക്ക് എത്തിച്ചേരണം (ദൈവത്തെയും അയൽക്കാരനെയും എങ്ങനെ സ്നേഹിക്കാമെന്ന് അറിയുന്നതിലേക്ക് എത്തിച്ചേരണം). പരസ്നേഹം എല്ലാ സദ്ഗുണങ്ങളുടെയും പൂർത്തീകരണമായി എന്നേക്കും നിലകൊള്ളുന്നു (cf1കോറി 13:13).

പ്രിയ സഹോദരീസഹോദരന്മാരേ, വലിയ നോമ്പുകാലത്ത് കുരിശിന്റെയും ഉത്ഥാനത്തിന്റെയും സംഭവം അനുസ്മരിക്കാൻ നാം ഒരുങ്ങുകയാണല്ലോ. ആ സംഭവത്തിൽ ദൈവസ്നേഹം ലോകത്തെ വീണ്ടെടുക്കുകയും അതി

ന്റെ പ്രകാശത്തെ ചരിത്രത്തിന്മേൽ പ്രസരിപ്പിക്കുകയും ചെയ്തു. ഈ അവസരത്തിൽ നിങ്ങൾ എല്ലാവരും വിലപ്പെട്ട ഈ സമയം യേശു ക്രിസ്തുവി ലുള്ള വിശ്വാസം വീണ്ടും ഉജ്വലിപ്പിക്കാൻ ചെലവഴിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. യേശുക്രിസ്തുവിനോടൊപ്പം പിതാവിനോടുള്ള സ്നേഹത്തി ന്റെ പ്രവർത്തനത്തിലേക്കും നമ്മുടെ ജീവിതത്തിൽ നാം കണ്ടുമുട്ടുന്ന സഹോദരീസഹോദരന്മാർക്കുവേണ്ടിയുള്ള പ്രവർത്തന ത്തിലേക്കും ഓരോ വ്യക്തിയും കടക്കുന്നതിനുവേണ്ടിയാണത്. ഈ നിയോഗത്തിനായി ഞാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ഓരോ വ്യക്തിക്കും ഓരോ സമൂഹത്തിനും കർത്താവിന്റെ ആശീർവാദം ലഭിക്കട്ടെയെന്നു പ്രാർത്ഥിക്കുന്നു.

വത്തിക്കാനിൽ നിന്ന്,
**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

# വിജ്ഞാപനം

## ബെനഡിക്റ്റ് 16-ാമൻ പാപ്പയുടെ സ്ഥാനത്യാഗവും പുതിയ മാർപാപ്പയുടെ തിരഞ്ഞെടുപ്പും

Port No. 364/2013

സീറോ മലബാർസഭയുടെ മേജർ ആർച്ച് ബിഷപ്പ് ജോർജ്ജ് ആലഞ്ചേരി മെത്രാപ്പോലീത്ത തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധ പിതാവ് ബെനഡിക്റ്റ് 16-ാമൻ പാപ്പയുടെ സ്ഥാനത്യാഗംമൂലം തിരുസഭയിൽ പുതിയൊരു സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. പത്രോസിന്റെ സിംഹാസനത്തിൽനിന്നുള്ള അദ്ദേഹത്തിന്റെ വിരമിക്കൽ ഇതിനകം സഭാമക്കൾ മനഃക്ലേശത്തോടെയാണെങ്കിലും സ്വാഗതം ചെയ്തുകഴിഞ്ഞു.

യുഗപ്രഭാവനായ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ കാലശേഷം, അപ്പസ്തോലിക ശുശ്രൂഷ ആരംഭിച്ച ബെനഡിക്റ്റ് 16-ാമൻ പാപ്പ, കഴിഞ്ഞ എട്ടുവർഷത്തോളം സഭാനൗകയെ സുരക്ഷിതമായി മുന്നോട്ടു നയിക്കുകയായിരുന്നു. പുതിയ ആഭിമുഖ്യങ്ങളും ദർശനങ്ങളും സഭയ്ക്കും ലോകത്തിനും നല്കി, ഈ ഹ്രസ്വകാല ശുശ്രൂഷകൊണ്ടുതന്നെ അദ്ദേഹം ഭാഗ്യസ്മരണാർഹനായ ജോൺപോൾ രണ്ടാമൻ പാപ്പയ്ക്ക് തികച്ചും ഉചിതനായ പിൻഗാമിയായിത്തീർന്നു.

ക്രിസ്തുവിനെയും സഭയെയും സ്വന്തമാക്കിയ സഭാതലവനായിരുന്നു ബെനഡിക്റ്റ് പാപ്പ. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോമിശിഹായെക്കുറിച്ചുള്ള ദർശനം അതിന്റെ സമഗ്രതയിൽ സഭാമക്കളെ പഠിപ്പിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. പാപ്പാസ്ഥാനത്തിന്റെ തിരക്കുകൾക്കിടയിലും, തന്റെ ബൈബിൾ പാണ്ഡിത്യവും ദൈവശാസ്ത്രജ്ഞാനവും ഉപയോഗപ്പെടുത്തി, നസ്രത്തിലെ ഈശോ എന്ന മൂന്നു വാല്യമുള്ള ബ്രഹദ്ഗ്രന്ഥം എഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഈ അടിസ്ഥാനചിന്തയാണ്. ക്രിസ്തുവിന്റെ ശരീരമായ സഭയുടെ ദൗത്യത്തെക്കുറിച്ചും ആ ദൗത്യത്തിനു

ശുശ്രൂഷ ചെയ്യുന്ന മെത്രാന്മാർ, വൈദികർ, സന്യസ്തർ, അൽമായപ്രേഷി തർ, യുവജനങ്ങൾ എന്നിവർക്കുണ്ടായിരിക്കേണ്ട ദർശനങ്ങളെക്കുറിച്ചും പ്രബോധനങ്ങൾ നൽകുന്നതിൽനിന്ന് അദ്ദേഹം ഒരിക്കലും വിരമിച്ചിട്ടില്ല.

കാലഘട്ടത്തിന്റെ വെല്ലുവിളികളെ സത്യസന്ധതയോടും പ്രതിബദ്ധത യോടും കൂടിയാണ് ബെനഡിക്ട് പാപ്പ നേരിട്ടുകൊണ്ടിരുന്നത്. സഭയുടെ നവീകരണത്തിനും ലോകവുമായുള്ള സംവാദത്തിനും രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളെയാണ് അദ്ദേഹം മാർഗ്ഗദർശകമാക്കിയത്. കൗൺസിൽ പ്രബോധനങ്ങൾ വെറുമൊരു ക്രൈസ്തവ ഹ്യൂമനിസം മാത്രമായി ചുരു ക്കേണ്ടതല്ലെന്ന് മനസ്സിലാക്കി അതിൽ അന്തഃസ്ഥിതമായിരിക്കുന്ന ക്രൈസ്തവ വിശ്വാസദർശനത്തെ വെളിച്ചത്തുകൊണ്ടുവരുന്നതിനും അത് വിശ്വാസി കളുടെ സാധാരണജീവിതത്തിൽ അനുഭവവേദ്യമാക്കുന്നതിനും ബെനഡിക്റ്റ് പാപ്പ ഇക്കാലമത്രയും അക്ഷീണം യത്നിച്ചു. പരി. കുർബാനയെക്കുറിച്ചും ദൈവവചനത്തെക്കുറിച്ചും നടന്ന അവസാന രണ്ടു സിനഡുകളിലൂടെ, വചനവും കൂദാശയും തമ്മിലുള്ള പരസ്പരപൂരക സ്വഭാവത്തെയും സഭാഗാത്രത്തോടു സഗാഢം ഒന്നിച്ചിരിക്കുന്ന ക്രിസ്തുദർശനത്തെയും അദ്ദേ ഹം സഭാമക്കൾക്ക് വരച്ചുകാട്ടി. ലോകമാസകലം, പ്രത്യേകിച്ച് യൂറോപ്പിൽ, ക്രിസ്തുവിന്റെ സുവിശേഷം വർദ്ധിച്ച പ്രേഷിതതീക്ഷ്ണതയോടും നവീന അജപാലന മാർഗ്ഗങ്ങളോടും അവതരണ ശൈലികളോടുംകൂടി സഭയിൽ പ്രാവർത്തികമാക്കാൻ അദ്ദേഹം ശ്രദ്ധിച്ചു. വിശ്വാസപരിശീലന മേഖലയി ലെ നൂതനാഭിമുഖ്യങ്ങൾക്ക് ആക്കംകൂട്ടാൻ നവ സുവിശേഷവത്കരണത്തി നുള്ള പൊന്തിഫിക്കൽ കൗൺസിൽ എന്ന പുതിയ കാര്യാലയം തന്നെ പാപ്പ സ്ഥാപിച്ചു.

പ്രായാധിക്യംമൂലമുള്ള പ്രയാസങ്ങൾ ഉണ്ടായിരുന്നുവെങ്കിലും തികച്ചും ഫലവത്തും സുശക്തവുമായ നേതൃത്വമാണ് ബെനഡിക്റ്റ് 16-ാമൻ പാപ്പ സഭയ്ക്ക് നൽകിയത്. സഭാമക്കൾ മാത്രമല്ല ലോകംമുഴുവനും ഇത് അംഗീ കരിച്ചുകഴിഞ്ഞിട്ടുണ്ട്. ഇനി ആശ്രമജീവിതത്തിലേക്ക് പ്രവേശിക്കുന്ന പി താവ് തന്റെ പ്രാർത്ഥനയും സഹനവും വഴി സഭാഐക്യത്തിൽ നമ്മോടു കൂടി എപ്പോഴും ഉണ്ടാവും. പരി. പിതാവിനോടുള്ള കൃതജ്ഞത നമുക്കു ഹൃദയത്തിൽ സൂക്ഷിക്കാം. നമ്മുടെ പ്രാർത്ഥനകളിൽ അദ്ദേഹത്തെ അനുസ്മരിക്കാം. ബെനഡിക്ട് പതിനാറാമൻ മാർപ്പാപ്പയിലൂടെ ദൈ വം നമുക്ക് നൽകിയ ദാനങ്ങളെക്കുറിച്ച് കൃതജ്ഞത അർപ്പിക്കുന്നതി നായി സി.ബി.സി.ഐ. പ്രസിഡന്റ് കർദ്ദിനാൾ ഓസ്വാൾഡ് ഗ്രേഷ്യസിന്റെ

നിർദ്ദേശപ്രകാരം ഫെബ്രുവരി 22-ാം തിയതി പ്രാർത്ഥനാദിനമായി നമ്മുടെ രൂപതകളിലെല്ലാം ആചരിച്ചുകാണുമല്ലോ. അന്ന് അതിന് സാധിക്കാത്തവർ മറ്റേതെങ്കിലും സൗകര്യപ്രദമായ ദിവസം പ്രാർത്ഥനാദിനം ആചരിക്കണ മെന്ന് ആഹ്വാനം ചെയ്യുന്നു.

ഫെബ്രുവരി 28-ാം തിയതി റോമൻ സമയം വൈകുന്നേരം 8.00 മണിയോടെ യാണ് പരിശുദ്ധ പിതാവിന്റെ സ്ഥാനത്യാഗം ഫലത്തിൽ വരുന്നത്. അത് ഇന്ത്യൻ സമയം മാർച്ച് ഒന്നാം തിയതി അർദ്ധരാത്രി കഴിഞ്ഞായിരിക്കും. അന്നുമുതൽ പുതിയ മാർപ്പാപ്പയെ തിരഞ്ഞെടുക്കുന്നതുവരെ കുർബ്ബാനകളി ലും മറ്റ് ആരാധനാ കർമ്മങ്ങളിലുമുള്ള അനുസ്മരണങ്ങളിൽ പരിശുദ്ധ പി താവിനുവേണ്ടി പേരു പറഞ്ഞ് പ്രാർത്ഥിക്കുന്ന ഭാഗം ഉപേക്ഷിച്ചുകൊണ്ട് മേജർ ആർച്ച് ബിഷപ്പിനും മറ്റു രൂപതാദ്ധ്യക്ഷന്മാർക്കും വേണ്ടി പ്രാർത്ഥി ച്ചാൽ മതിയെന്ന് വത്തിക്കാനിൽനിന്നുള്ള അറിയിപ്പിൽ വ്യക്തമാക്കിയിട്ടുണ്ട് എന്ന കാര്യം എല്ലാവരുടെയും ശ്രദ്ധയിൽ പെടുത്തുന്നു.

അടുത്ത മാർപാപ്പയുടെ തെരഞ്ഞെടുപ്പ് സഭയെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്ന വലിയ സംഭവമാണല്ലോ. അതിനായുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഏറ്റം പ്രധാനപ്പെട്ട ഒരുക്കം പ്രാർത്ഥന വഴിയാണ് നടക്കേണ്ടത്. കർദ്ദിനാളന്മാരുടെ സംഘം കോൺക്ലേവായി കൂടുമ്പോൾ പരി ശുദ്ധാത്മാവിന്റെ പ്രചോദനവും മാർഗ്ഗനിർദ്ദേശവും അവർക്കു ലഭിക്കു ന്നതിനുവേണ്ടി തീക്ഷ്ണതയോടെ പ്രാർത്ഥിക്കേണ്ട സമയമാണിത്. സീറോ-മലബാർ സഭയിലെ എല്ലാ രൂപതകളിലും ഇതിനായുള്ള പ്രത്യേക പ്രാർത്ഥന നടത്തേണ്ടതാണ്. അതിനു സഹായകമായ ഒരു പ്രാർത്ഥന ഏവർക്കും ലഭ്യമാക്കുന്നതാണ്. കോൺക്ലേവിന്റെ ദിവസങ്ങൾ സഭ മുഴുവന്റെയും പ്രാർത്ഥനയുടെ ദിവസങ്ങളായിരിക്കട്ടെ.

പരിശുദ്ധാത്മാവിനെ കാത്തിരുന്ന ശ്ലീഹന്മാരെപോലെ പരി. അമ്മയോടൊപ്പം നമുക്കെല്ലാം തീക്ഷ്ണതയോടെ ഈ ദിവസങ്ങളിൽ പ്രാർത്ഥനാനിരതരായി രിക്കാം. പുതിയ മാർപ്പാപ്പയുടെ തിരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള അറിയി പ്പ് ലഭിച്ചാലുടൻ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും ആഹ്ലാ ദസൂചകമായി കുറച്ചു സമയത്തേക്ക് കൂട്ടമണി അടിക്കേണ്ടതാണ്. അതി നടുത്തുവരുന്ന ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും കൃതജ്ഞതാ ബലി അർപ്പിക്കുകയും വേണം. പരിശുദ്ധ പിതാവിന്റെ വിടവാങ്ങൽ കർമ്മങ്ങളിൽ സംബന്ധിക്കുന്നതിനും കോൺക്ലേവിൽ ചേരുന്നതിനുമായി ഫെബ്രുവരി 25-ാം തീയതി ഞാൻ റോമിലേക്കു പോവുകയാണ്. പുതിയ മാർപാപ്പയുടെ

തിരഞ്ഞെടുപ്പിനുശേഷം വലിയ ആഴ്ച്ചയ്ക്കുമുൻപായി നാട്ടിൽ തിരിച്ചെത്താമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഈ കാലഘട്ടത്തിൽ സഭാനൗകയെ നയിക്കുവാൻ തികച്ചും യോഗ്യനായ വ്യക്തിയെ, പരിശുദ്ധാത്മാവിന്റെ നിവേശനത്തിനു വിധേയരായി തെരഞ്ഞെടുക്കുവാൻ കർദ്ദിനാൾ സംഘത്തിനു സാധിക്കുന്നതിനായി സർവ്വശക്തനായ ദൈവത്തോടു നമുക്കു പ്രാർത്ഥിക്കാം. ഈ നോമ്പുകാലം നിങ്ങൾക്കെല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞതായിരിക്കട്ടെ!

ഈശോയിൽ സ്നേഹപൂർവ്വം,

**കാർഡിനൽ ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ്

കാക്കനാട്ട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ച് ബിഷപ്പിൻ കാര്യാലയത്തിൽനിന്ന് 2013-ാം ആണ്ട് ഫെബ്രുവരി മാസം 22 -ാം തിയതി നൽകപ്പെട്ടത്.

---

*ഈ വിജ്ഞാപനം മാർച്ച് മാസം 10-ാം തിയതി ഞായറാഴ്ച എങ്കിലും കുർബ്ബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി ഞായറാഴ്ച കുർബ്ബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേതാണ്.*

## പരിശുദ്ധ പിതാവിന്റെ തിരഞ്ഞെടുപ്പിനായുള്ള പ്രാർത്ഥന

ഞങ്ങളുടെ കർത്താവായ ദൈവമേ, അങ്ങയുടെ അജഗണത്തെ നയിക്കുന്നതിന് അങ്ങയുടെ തിരുമനസ്സിന് ഇണങ്ങിയ അജപാലകരെ അങ്ങ് ഞങ്ങൾക്ക് നല്കുന്നുവല്ലോ. പത്രോസിന്റെ പിൻഗാമിയായ പുതിയ മാർപാപ്പായെ തിരഞ്ഞെടുക്കാൻ കൂടുന്ന കോൺക്ലേവിലെ എല്ലാ കർദ്ദിനാൾമാരെയും പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയ്ക്കണമേ. അങ്ങയുടെ തിരുമനസ്സിന് വിധേയരായി ക്രിസ്തുവിന്റെ വികാരിയായ മാർപാപ്പായെ തിരഞ്ഞെടുക്കാൻ അവരെ അങ്ങ് ഒരുക്കണമേ. ആധുനികലോകം ഉയർത്തുന്ന വെല്ലുവിളികളെ മനസ്സിലാക്കി സാർവത്രികസഭയെ നയിക്കുന്നതിനും പരിപാലിക്കുന്നതിനും യോഗ്യനായ അജപാലക ശ്രേഷ്ഠനെ മാർപാപ്പായായി ഞങ്ങൾക്കു നല്കണമെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും ആമേൻ.

**Prot. No. 412/2013**

# CIRCULAR

## Issued by the Major Archbishop George Alencherry to all the faithful of the Syro-Malabar Church after the XXI Synod (2013), Session 1, of the Bishops of the Syro-Malabar Church held from 7th to 11th January 2013 in the Major Archiepiscopal Curia at Mount St. Thomas, Kakkanad, Kochi

Reverend Fathers, men and women of consecrated life and my dear brothers and sisters,

I am very glad to inform you that the First Session of the XXI Synod of the Bishops of the Syro-Malabar Church took place in the Major Archiepiscopal Curia at Mount St. Thomas, Kakkanad from 7th to 11th January 2013. After the spiritual preparation through the recollection talk given by Bishop Gratian Mundadan CMI and the concelebrated Holy *Qurbana* in the forenoon of the first day, the Synodal Session was formally inaugurated in the afternoon. Forty five Bishops participated in the Synod. Bishop George Rajendran of Thuckalay and Bishop Jacob Muricken, the Auxiliary Bishop of Palai were the new members of this Synodal Session. The Synod accorded a very warm reception to His Beatitude Moran Mor Baselios Cleemis, the Major Archbishop of the Syro-Malankara Church, on his elevation as Cardinal.

**Year of Faith**: It is quite praiseworthy that the eparchies earnestly observe with manifold programmes the Year of Faith which is promulgated by the Holy Father for the deepening of our faith-life and the strengthening of the life-witness to the Gospel by the faithful. From the Syro-Malabar Church Bishop Joseph Kallarangatt and myself attended the Synod in Rome on the

topic of New Evangelization for the Transmission of Faith. All the four non-episcopal delegates from India were from the Syro-Malabar Church. The Roman Synod manifested the universality of the Church and the ecumenical dimension of her mission. It is a fact to be noted that all the Oriental Fathers who took part in the Synod requested the Holy Father to recognize more and more the rights of the Oriental Churches for evangelization and pastoral Care.

**Pastoral Visit in Australia**: During my recent pastoral visit to Australia, I could meet Syro-Malabar Communities that earnestly desire and work hard to grow deeply in the ecclesial traditions of the Syro-Malabar Church. The Australian Hierarchy expressed an attitude of great interest and support regarding the concerns of our faithful. I think that this atmosphere is very conducive to make available appropriate structures for the pastoral care of our faithful in Australia. We also take great care to get whatever facilities are possible for the pastoral care of our faithful in different countries, especially in the Gulf Region.

**Priestly Vocation and Seminary Formation**: The Synod discussed with great seriousness about the priestly vocation and seminary formation. Even though there is no considerable decrease in the vocation to priesthood, there is a noticeable drop in the vocation to feminine religious congregations. The entire Church has to take this most seriously and search for solutions. We shall consider it as a great blessing of God that we got 112 diocesan priests and 146 religious priests during the last Christmas season. The formation of future priests is a great responsibility of the Church. It is the Synodal Commissions of Bishops that supervise all the three seminaries under the Synod. In order to make the pastoral care more fruitful and effective, the future priests should be persons who imbibe the spirituality

of the Church more deeply and dedicate themselves totally for the mission of the Church. The Synod will give the necessary directives for a formation helpful for such a dedication to be given to seminarians. The Synod also emphasized the importance and need for the ongoing formation of priests. The Synod reiterated its earlier decision on Permanent Diaconate and clarified that any eparchy can implement that decision if it is found necessary for the pastoral care.

**Apostolate of the Communities of Consecrated Persons**: The consecrated persons of the Syro-Malabar Church are doing great service in the Syro-Malabar Church and in the Latin dioceses even abroad. It is a great contribution by our Church to the growth of the Universal Catholic Church. The Synod regarded that it would be better if this ministry in the Church is done more fruitfully and in tune with the spirit and heritage of the Syro-Malabar Church. In the light of this, there was a fruitful discussion in the synod with the representatives of the religious congregations on the apostolate of the consecrated persons. It is hoped that this discussion will be helpful for working in better coordination and cooperation with the religious congregations in the future.

**A.K.C.C.**: The Synod discussed the need for the Lay Associations to work with the Church and in the spirit of the Church and to give due role to the Laity in the activities of the Church. In the light of these discussions, the Synod desires and exhorts to strengthen the activities of A.K.C.C. and to make it alive in all our eparchies as the Lay Association of the Syro-Malabar Church.

**Mission Seminary in Satna**: It is hereby communicated that the Synod has recognized Mar Ephrem Seminary in the Eparchy

of Satna as a Mission Seminary under the administration of the Synod.

**Celebration of Dukhrana at the Head Quarters of the Church:** The Synod also decided to celebrate Dukhrana of St. Thomas, our Father in faith at Mount St. Thomas, the Head Quarters of our Church on 3 July with the participation of representatives from all eparchies. The Synod also approved in principle the Ten-year long celebration of the 1950th anniversary of the martyrdom of St. Thomas. More concrete action plans of this celebration will be discussed and decided in the forthcoming Synodal Session.

**New Shepherd for the Eparchy of Kothamangalam**: The election of Bishops is the responsibility of the Synod. It was necessary to find a successor to Mar George Punnakottil, the Bishop of Kothamangalam upon his completion of 75 years of age. It was the happiest event of the recent Synod that we got Mar George Madathikandathil as the new Bishop of Kothamangalam.

**Global Meet**: The Synod analyzed the many challenges to the pastoral care of the Syro-Malabar migrants. It was decided to convene on 18 August a Global Meet of the representatives of Syro-Malabar migrants in different countries in order to bring to their knowledge the great efforts being made by the leadership of the Church to resolve the various issues and to build up a very warm fellowship with them. As many bishops as possible will be attending this Meet.

**Other Important Matters**: Another important matter that was discussed in the Synod was the activities of the Committee for Higher Education. The Committee was authorized to implement the various programmes approved by the Synod. The Synod gave its favourable opinion to initiate the cause for beatification

of Fr. Canisius Thekkekara CMI from the eparchy of Irinjalakuda. In the context of the increase in the number of causes for beatification and canonization, the Synod decided to start an office of the Postulator General at the Major Archiepiscopal Curia. The Synod also decided to confer the title of *Sabharatnam* to Mr. P.T. Lazar and Prof. Elizabeth Mathew proposed by the Archeparchy of Trichur. The project of buying a house in Rome for the Syro-Malabar Church also was the subject of detailed discussion of the Synod. The cooperation of all the faithful is expected for the success of this project.

I thank wholeheartedly everyone who prayed and worked for the success of the Synod. On 11 January at 6.00 p.m. the First Session of the XXI Synod of the Syro-Malabar Church was officially concluded. Let us thank and praise God for the Graces that we have received through this Synod.

With love in Jesus,

**George Cardinal Alencherry**
Major Archbishop of the Syro-Malabar Church

Given from the Major Archiepiscopal Curia of the Syro-Malabar Church at Mount St Thomas, Kakkanad on 1 March 2013.

---

*N.B: This circular is to be brought to the attention of the priests, religious and laity of the respective eparchies/archeparchies through suitable means.*

# രൂപതാകച്ചേരി വാർത്തകൾ

**നന്ദി, സ്വാഗതം:**

വർക്കട്ടെ ഇടവകയിൽ സ്തുത്യർഹമായ സേവനത്തിനുശേഷം സ്ഥലമാറുന്ന ബഹു. സെബാസ്റ്റ്യൻ ആനച്ചാലിലച്ചനും, ഷെട്ടികൊപ്പ, ബാളെഹൊണ്ണൂർ ഇടവകകളിൽ സേവനം പൂർത്തിയാക്കി സ്വന്തം രൂപതയിലേക്ക് തിരികെ പോയിരിക്കുന്ന ആന്റോ പാറേക്കാടൻ അച്ചനും ഭദ്രാവതി രൂപതയുടെ നന്ദി. വർക്കട്ടെ ഇടവകയുടെ പുതിയ വികാരിയായി നിയമിതനായിരിക്കുന്ന ബഹു. സജി പാറേക്കാട്ടിലച്ചന് രൂപതയിലേക്ക് സ്വാഗതം.

പുതിയ ഉത്തരവാദിത്വങ്ങളിൽ ഇവർ മൂവർക്കും എല്ലാ നന്മയും ദൈവാനുഗ്രഹവും നേരുന്നു.

**വൈദികസമ്മേളനം, സൈത്ത് വെഞ്ചിരിപ്പ്**

രൂപതയിൽ സേവനം ചെയ്യുന്ന ബഹുമാനപ്പെട്ട വൈദികർക്കായുള്ള മാസധ്യാനവും, വൈദികസമ്മേളനവും 2013 മാർച്ച് 26 ചൊവ്വാഴ്ച ബിഷപ്ഹൗസിൽ രാവിലെ 10.00 മണിക്ക് ആരംഭിക്കും. തുടർന്ന് ഉച്ചകഴിഞ്ഞ് 02.30-ന് സൈത്ത് വെഞ്ചിരിപ്പ് സെ. ജോസഫ് ദേവാലയത്തിൽ വച്ച് നടത്തപ്പെടും.

**വാർഷിക പൊതുയോഗം**

2012-2013 വർഷത്തെ കണക്കുകൾ, 2013-2014 വർഷത്തേക്കുള്ള ബഡ്ജറ്റ് എന്നിവ അവതരിപ്പിക്കുന്നതിനും, 2013-2014 വർഷത്തേക്കുള്ള കൈക്കാരന്മാരെ തിരഞ്ഞെടുക്കുന്നതിനുമുള്ള വാർഷിക പൊതുയോഗം നമ്മുടെ എല്ലാ ഇടവകകളിലും 2013 ഏപ്രിൽ 14-നോ അതിനു മുമ്പുള്ള ഞായറാഴ്ചയോ ചേരേണ്ടതാണ്. പൊതുയോഗത്തിന്റെ നടത്തിപ്പ്, കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് എന്നിവയിൽ പള്ളിയോഗ നടപടി ക്രമങ്ങൾ (രൂപതാ നിയമാവലി പേജ് 139-143) പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക. കൈക്കാരന്മാരുടെ തിരഞ്ഞെടുപ്പ് പൂർത്തിയാക്കി അവരുടെ പേരുവിവരവും, പൊതുയോഗം പാസ്സാക്കിയ വാർഷിക തിരട്ടും, ബഡ്ജറ്റും, തിരട്ടു ബുക്കിലും, തിരട്ടു ഫോമിലും രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്. **രൂപതാകേന്ദ്രത്തിൽ നിന്ന് അംഗീകാരം ലഭിച്ചതി**

**നു ശേഷം മാത്രമാണ് പുതിയ കൈക്കാരന്മാർ സ്ഥാനമേൽക്കേണ്ടത്** (രൂപതാ നിയമാവലി 175-178 പേജുകൾ). പ്രതിനിധിയോഗത്തിന്റെ കാലാവധി മൂന്നു വർഷമാണ്. **ആയതിനാൽ ഈ വർഷം പ്രതിനിധി യോഗത്തിന്റെ തിരഞ്ഞെടുപ്പ് നടത്തേണ്ടതില്ല.**

**ഓഡിറ്റിംഗ്**

2012-2013 സാമ്പത്തിക വർഷത്തെ നമ്മുടെ എല്ലാ പള്ളികളുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ രൂപതാകേന്ദ്രത്തിൽ നിന്നും 2013 ഏപ്രിൽ 22,23,26 തിയതികളിൽ യഥാക്രമം സാഗർ, എൻ.ആർ.പുര, ഷിമോഗ, എന്നിവിടങ്ങളിൽ ഓഡിറ്റ് ചെയ്യുന്നതാണ്. താഴെ പറയുന്ന രേഖകളുമായി നിർദ്ദേശിച്ചിരിക്കുന്ന സമയത്ത് ബഹു. വികാരിയച്ചന്മാർ ഇടവക സെക്രട്ടറിമാരുമൊത്ത് (കണക്കൻ) ഓഡിറ്റിംഗിനു വരേണ്ടതാണ്.

1. The Minutes of the *Pothuyogam* (original and copy), the Annual Statement of Account of 2012-2013 (വാർഷിക തൈരട്ട്, book and sheet) and budget for 2013-2014 (original and copy).
3. Journal and Ledger with Bills and Vouchers
4. Accounts of the Institutions
5. Accounts of the Diocesan Farms
6. Updated Bank Passbooks and Check Books
7. FD Receipts (if any)

**22.04.2013: Sagar, St. Thomas Church**

| | | |
|---|---|---|
| 09.30 am | : | Sagar, Joga & Kargal |
| 10.30 am | : | Anavatty |
| 11.30 am | : | Hosur (Induvally) |
| 02.00 pm | : | Iduvally |

| | | |
|---|---|---|
| 03.00 pm | : | Ripponpett |
| 04.00 pm | : | Anandapuram |
| 05.00 pm | : | Nagavally |

**23.04.2013: N.R.Pura, Little Flower Cathedral**

| | | |
|---|---|---|
| 09.30 am | : | N.R.Pura & Mallanthoor |
| 10.30 am | : | Sangameswarapet & Balehonnur |
| 11.30 am | : | Chettikudige |
| 12.00 noon | : | Varkatta |
| 02.30 pm | : | Makkode |
| 03.00 pm | : | Koppa |
| 03.30 pm | : | Muthinakoppa |
| 04.00 pm | : | Shettikoppa |

**26.04.2013: Shimoga, St. Joseph's Church**

| | | |
|---|---|---|
| 09.30 am | : | Bhadravathi |
| 10.30 am | : | Davangere |
| 11.30 am | : | Holehonnur |
| 12.00 noon | : | Masthikatte |
| 02.30 pm | : | Umblebylu |
| 03.30 pm | : | Shimoga |

**പൊതു പിരിവുകൾ**

ദാരിദ്ര്യത്തിനും രോഗത്തിനും എതിരായി കാരിത്താസ് ഇൻഡ്യ നടത്തുന്ന പ്രവർത്തനങ്ങളെ സഹായിക്കുവനായി നടത്തുന്ന പിരിവ് ഈ വർഷം മാർച്ച് 24-ാം തിയതിയാണ് (ഓശാന ഞായർ) നടത്തേണ്ടത്. അന്നത്തെ സ്തോത്രക്കാഴ്ച ഈ കാര്യത്തിനായി നടത്തി ലഭിക്കുന്ന സംഖ്യ എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും വേണം.

അതുപോലെ ദുഃഖവെള്ളിയാഴ്ച (മാർച്ച് 29, 2013) വി. നാടിന്റെ സംരക്ഷണത്തിനായി പരി. പിതാവിന് അയച്ചുകൊടുക്കേണ്ട പിരിവ് എടുക്കേണ്ടതും എത്രയും വേഗം രൂപതാകേന്ദ്രത്തിൽ ഏൽപിക്കേണ്ടതുമാണ്.

**ജീവകാരുണ്യനിധി:** അഭിവന്ദ്യപിതാവ് ഇടയലേഖനത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ച് രൂപതയുടെ ജീവകാരുണ്യനിധിയിലേക്കുള്ള പിരിവ് ഈസ്റ്റർ ദിനത്തിൽ (2013 മാർച്ച് 31) വി. കുർബ്ബാന മദ്ധ്യേ നടത്തി രൂപതാ കേന്ദ്രത്തിൽ ഏൽപിക്കാൻ ഓർമ്മിപ്പിക്കുന്നു.

**ഫാ. ഫ്രാൻസീസ് അള്ളുംപുറം**
രൂപതാചാൻസിലർ

## മതബോധനം–ബൈബിൾ

